**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 259** | **10-06-2024 - ൽ മറുപടിയ്ക്ക്**

**വെള്ളരിക്കുണ്ട് താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പൂടങ്കല്ലിലെ വെള്ളരിക്കുണ്ട് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്, അമ്മയും കുഞ്ഞും ആശുപത്രി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. RO പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. 10 ബെഡുകൾ ലഭ്യമായിട്ടുണ്ട്, ഡയാലിസിസ് മെഷീനുകൾ 10 എണ്ണം കിഫ്ബി മുഖേന KMSCL ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ ജനറേറ്റർ KMSCL മുഖേന ലഭ്യമാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വെള്ളരിക്കുണ്ട് താലൂക്ക് ആശുപത്രി പൂടങ്കല്ലിൽ ലക്ഷ്യ നിലവാരത്തിലുള്ള അമ്മയും കുഞ്ഞും പ്രസവ വാർഡിന്റെ കെട്ടിട നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉപകരണങ്ങൾ KMSCL മുഖേന ലഭ്യമായിക്കൊണ്ടിരിക്കുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ ആകെ അനുവദിച്ച തസ്തികകൾ, അവയിൽ നിലവിലുള്ള ഒഴിവുകൾ എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) | ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഒഴിവുകൾ ഉണ്ടെങ്കിൽ ആയത് നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | അസിസ്റ്റന്റ് സർജൻ, സി.എം.ഒ തസ്തികകളിലെ ഒഴിവ് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നിയമന നടപടികൾ സ്വീകരിക്കുന്നതാണ്. ഈ നിയമനം നടക്കുന്നത് വരെയ്ക്ക് അഡ്ഹോക്ക് വ്യവസ്ഥയിൽ താൽക്കാലിക നിയമനം നടത്താൻ നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Name of Post | Sanctioned | Vacancy |
| --- | --- | --- |
| Civil Surgeon | 3 | 1 |
| Asst. Surgeon | 6 | 1 |
| CMO | 4 | 3 |
| Dental Surgeon | 1 | |
| Jr. Consultant | 2 | |
| Sr Nursing Officer | 5 | |
| Nursing Officer | 15 | |
| Clerk | 2 | |
| Health Inspector | 2 | |
| Jr.Health Inspector | 5 | |
| Hospital Attendant | 9 | |
| Public Health Nurse | 2 | |
| Jr.Public Health Nurse | 5 | |
| Office Attendant | 1 | |
| Opthalmic Assistant | 1 | |
| PTS | 1 | |
| Nursing Assistant | 4 | |
| Lab Technician | 3 | |
| Pharmacist | 3 | |
| Driver | 1 | |
| Radiographer | 1 | |
| X Ray Attender | 1 | |
| Dental Hygienist | 1 | |

Sheela.m

സെക്ഷൻ ഓഫീസർ